# സ്നേഹത്തോടെ മലർവാടിക്ക്...



## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **ഷഫ്‌ല. എ** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

മലർവാടിയുടെ ഒരു സ്ഥിരം വായനക്കാരിയാണ് ഞാൻ. പദപ്രശ്നവും പ്രശ്നോത്തരിയുമെല്ലാം എന്റെ ഇഷ്ട പേജുകളാണ്. കുട്ടികളിലധികവും ഇന്റർനെറ്റിനും ഗെയിമിനും കീഴടങ്ങി ജീവിക്കുകയാണ്. മലർവാടി ഞങ്ങളോട് മണ്ണിലിറങ്ങി ജീവിക്കാൻ ഉപദേശിക്കുന്നു. മലർവാടിയിലേക്ക് കുട്ടികൾ അയക്കുന്ന ഫോട്ടോസ് മലർവാടിയുടെ കവർപേജിൽ കൊടുത്താൽ നന്നാകില്ലേ മലർവാടീ..

**ഷഫ്‌ല. എ**
ചുങ്കം, പട്ടിക്കാട്..

(നല്ല നിർദേശമാണ് ഷഫ്‌ലയുടേത്. എന്നാൽ കൂട്ടുകാർ അയക്കുന്ന ഫോട്ടോസ് എല്ലാം വാട്ട്സപ്പിലൂടെയാണല്ലോ. അതിന് ക്ലാരിറ്റി കുറയും. കവർ പേജിൽ കൊടുക്കാൻ ക്ലാരിറ്റി കൂടിയ ചിത്രമാണ് വേണ്ടത്. നല്ല ക്ലാരിറ്റിയുള്ള മനോഹരമായ ചിത്രങ്ങൾ കൂട്ടുകാർ മെയിൽ ചെയ്താൽ നമുക്ക് കവറിൽ കൊടുക്കാം. കൂട്ടുകാർ വരച്ച ചിത്രങ്ങളായാലും മതി.)

പ്രിയപ്പെട്ട മലർവാടീ,
മലർവാടി ദ്വൈവാരിക ആക്കിയപ്പോൾ എനിക്ക് വലിയ സന്തോഷമായിരുന്നു. ഞാനിപ്പോൾ കലണ്ടറിൽ വട്ടം വരക്കുന്ന ദിവസങ്ങളാണ് ഒന്നും പതിനാറും. മലർവാടിയിലെ എല്ലാ കഥകളും എനിക്ക് ഇഷ്ടമാണ്.

**ഹുദ** ,ക്ലാസ് 6
പ്ലസന്റ് ഇംഗ്ലീഷ് സ്കൂൾ, ഓമശ്ശേരി

പ്രിയ മലർവാടീ,
മലർവാടിയിൽ കൊടുക്കുന്ന ഫൂട്ട്നോട്ടും സ്കൂൾമുറ്റവുമെല്ലാം എനിക്കേറെ ഉപകാരപ്പെടുന്നു.
പട്ടാളം പൈലിയും പൂച്ചപ്പോലീസുമാണ് എനിക്കേറെ ഇഷ്ടം. ശിഹാബ്ക്കായോട് ചോദിക്കാം എന്നതും ഇഷ്ടമാണ്. ഉമ്മ മലർവാടിയിലെ കഥകളെല്ലാം എനിക്ക് വായിച്ചു തരും .

**ഫിദ ഹനാൻ**, ക്ലാസ് 4
സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, നെല്ലിക്കുന്ന്

പ്രിയ മലർവാടിക്ക്,
പ്രശ്നോത്തരി 147-ൽ ഞാൻ വിജയിയായി. എനിക്ക് സമ്മാനവും കിട്ടി. നല്ല സന്തോഷം തോന്നി സമ്മാനം കിട്ടിയപ്പോൾ. എനിക്ക് ഒരു ക്വിസ് മൽസരത്തിൽ നല്ല മാർക്ക് കിട്ടിയത് മലർവാടിയിലെ സ്കൂൾ മുറ്റം വായിച്ചത് കൊണ്ടായിരുന്നു.

**ഷുഹൈബ്. പി പി**, ക്ലാസ് 9
പി.ആർ.എം.എച്ച്.എസ്.എസ്, പാനൂർ



**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ** malarvadimag@gmail.com **എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**